ഉത്തരം

(എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഉടമയിലുള്ള പ്രസ്സാണിത്. അതിന്റെ നടത്തിപ്പ് താൽക്കാലികമായി കെ. എച്ച്. ആർ. ഡബ്ലിയു. എസ്സിനെ ഏൽപ്പിച്ചിരിക്കുന്നു.

(ബി) ഇക്കാര്യം ഗവേണിംഗ് ബോഡിയുടെ പരിഗണനയിലാണ്.

(സി) സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയനുസരിച്ചു മാത്രമേ ശമ്പളം നിർണ്ണയിക്കാനാവൂ. കാലതാമസത്തിനുള്ള കാരണം ഇതാണ്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) യോഗ്യത കൂടി കണക്കിലെടുത്ത് ശമ്പളം പുനർ നിർണ്ണയം ചെയ്യുമ്പോൾ ഏതെങ്കിലും ജീവനക്കാരൻ കൂടുതൽ ശമ്പളം വാങ്ങിയിട്ടുണ്ടെങ്കിൽ അത് തിരിച്ചുപിടിക്കാൻ നിയമതടസ്സം വരാതിരിക്കുവാൻ ഇതാവശ്യമാണ്.

(എഫ്) കോൺട്രാക്ടറ് വ്യവസ്ഥയിൽ താൽക്കാലികാടിസ്ഥാനത്തിലാണ് നിയമനം നടത്തിയിരുന്നത്. ശമ്പള സ്കെയിലുകൾ അനുവദിക്കാനും, നിശ്ചിത യോഗ്യത കൈവരിക്കുവാൻ രണ്ടു വർഷത്തെ സമയം അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ജി, എച്ച് ആൻറ് ഐ) വിവരം ശേഖരിച്ചുവരുന്നു.

കെ.എച്ച്.ആർ.ഡബ്ലിയു.എസ്സിന്റെ കീഴിലുള്ള പേവാർഡുകൾ തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറാൻ നടപടി

111 [1290] പ്രൊ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ലിയു.എസ്. നിർമ്മിച്ചിട്ടുള്ള പേവാർഡുകളുടെ നിർമ്മാണ ചെലവു മുഴുവൻ വാടകയിനത്തിൽ ലഭിച്ചിട്ടുണ്ടോ;

(ബി) പഞ്ചായത്ത്രാജ് നിയമപ്രകാരം ജില്ലാ താലൂക്ക് ആശുപത്രി കെട്ടിടങ്ങളും സ്ഥലവും അതാത് ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറാം ചെയ്യപ്പെട്ട നിലക്ക് കെ.എച്ച്.ആർ. ഡബ്ലിയു.എസ്സിന്റെ കീഴിൽ നിർമ്മിച്ച പേവാർഡുകൾ അതാതു പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(സി) ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് അവർ നൽകുന്ന സ്ഥലത്ത് കെ.എച്ച്.ആർ.ഡബ്ലിയു.എസ്സിന്റെ വാർഡുകൾ നിർമ്മിക്കുവാനുള്ള അനുവാദം നൽകാൻ നടപടി സ്വീകരിക്കുമോ; നിർമ്മാണ ചെലവ് വാടകയിനത്തിൽ തിരിച്ചു ലഭിച്ചുകഴിഞ്ഞാൽ പ്രസ്തുത വാർഡുകൾ പഞ്ചായത്തുകൾക്ക് ഏൽപ്പിച്ചുകൊടുക്കുവാനുള്ള നിർദ്ദേശം പരിഗണിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) ഓപ്പറേഷൻ തിയേറ്ററർ, എക്സ്റേ യൂണിറ്റ് എന്നിവ ഇല്ലാത്ത ആശുപത്രികളിൽ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ ആവശ്യപ്പെടുകയാണെങ്കിൽ അവ നിർമ്മിച്ച് നൽകുന്നതിന് കെ.എച്ച്.ആർ. ഡബ്ലിയു.എസ്.സിന് ഉദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) കെ. എച്ച്. ആർ. ഡബ്ലിയു. എസ്. 1955-ാംമാണ്ടിലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററേറി സയന്റിഫിക്ക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ടിലെ XII പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സ്ഥാപനമാണ്. സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വരുന്നില്ല.

(സി) പഞ്ചായത്തുകൾക്ക് കൈമാറിക്കഴിഞ്ഞ സ്ഥാപനങ്ങളിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് അതാത് പഞ്ചായത്ത് അധികാരികളാണ്.

(ഡി) ആവശ്യമായ ഫണ്ട് നൽകി ആവശ്യപ്പെടുകയാണെങ്കിൽ അവ നിർമ്മിച്ച് നൽകാൻ സാധിക്കുന്നതാണ്.

കേരള ഹെൽത്ത് റിസർച്ച് ആൻറ് വെൽഫെയർ സൊസൈറ്റിയിലെ നിയമനങ്ങൾ

112 [1291] ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹെൽത്ത് റിസർച്ച് ആൻറ് വെൽഫെയർ സൊസൈറ്റിയിലെ നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷന് വിട്ടുകൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ;

(ബി) ഇതു സംബന്ധിച്ച് ആവശ്യമായ നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനു കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) 1995 മാർച്ച് മാസം 22-ാം തീയതിക്കുശേഷം പ്രസ്തുത സൊസൈറ്റിയിൽ നിയമനങ്ങൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ ഏതെല്ലാം തസ്തികകളിൽ നിയമിച്ചു;

(ഡി) ഈ നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ. എച്ച്. ആർ. ഡബ്ലിയു. എസ്. നിയമനങ്ങൾ പി. എസ്. സി.-ക്ക് വിട്ടുകൊടുക്കുവാൻ 6-6-1995-ലെ ഗവേണിംങ്ങ് ബോഡി തീരുമാനിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly